# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5735** **09/07/2012 ൽ മറുപടിക്ക്**

## എസ്.എസ്.എ. ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് എസ്.എസ്.എ. ഫണ്ട് വിനിയോഗത്തിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ; | എ) സംയോജിത വിദ്യാഭ്യാസ പദ്ധതിക്കായി ഓരോ കുട്ടിക്കും 2,100/- രൂപ നിരക്കിൽ ഫണ്ട് വിനിയോഗിക്കുന്നു. 129000 ടീച്ചർമാർക്ക് ദിവസം 100 രൂപ വീതം നൽകി 20 ദിവസത്തെ പരിശീലനം നൽകുന്നു. മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ഗവൺമെന്റ് എൽ.പി., യു.പി. സ്കൂളുകൾ, എൽ.പി. സെക്ഷനുള്ള യു.പി. സ്കൂളുകൾ, യു.പി. സെക്ഷനുകളുള്ള ഹൈസ്കൂളുകൾ, എൽ.പി. സെക്ഷനുള്ള ഹൈസ്കൂളുകൾ എന്നിവയ്ക്കും 7,500/- രൂപ വീതവും സ്കൂൾ ഗ്രാന്റ് ഇനത്തിൽ ഗവൺമെന്റ് സ്കൂളുകൾക്കു പുറമെ എയ്ഡഡ് എൽ.പി., യു.പി. സ്കൂളുകൾക്കും എൽ.പി.ക്ക് 5,000/- രൂപ വീതവും യു.പി.ക്ക് 7,000/- രൂപ വീതവും നൽകുന്നുണ്ട്. യു.പി. സ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങാൻ ഒരു ജില്ലയ്ക്ക് 50 ലക്ഷം രൂപ വീതം 14 ജില്ലയ്ക്ക് കേന്ദ്രസർക്കാർ 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സിവിൽ വർക്സിൽ സംസ്ഥാനത്ത് AWP&B യുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന വർക്കുകൾക്ക് സംസ്ഥാന അംഗീകാരപ്രകാരം ആദ്യഗഡുവായി 40% ഫണ്ടും അത് ചെലവഴിച്ച സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ അടുത്ത 40% ഫണ്ടും പണി പൂർത്തീകരിച്ചതിനുശേഷം ബാക്കി തുകയും നൽകിവരുന്നു. കേന്ദ്രമാനവ വിഭവശേഷി വകുപ്പിന്റെ AWP&B പദ്ധതി അംഗീകരിക്കുന്ന പ്രവർത്തികളാണ് എസ്.എസ്.എ. നടപ്പാക്കുന്നത്. |

(......2)

| | | | |
|---|---|---|---|
| | | | പ്രസ്തുത ഫണ്ടിന്റെ 65% കേന്ദ്രവും 35% സംസ്ഥാനവും എന്ന രീതിയിലാണ് ഫണ്ട് വിതരണം നടത്തുന്നത്. 2012- 13 സാമ്പത്തിക വർഷം AWP&B യുടെ അംഗീകാരം ലഭിച്ച സിവിൽ വർക്സിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധം- I ആയി കൊടുത്തിരിക്കുന്നു. |
| ബി) | 2011–2012–ൽ ഇതനുസരിച്ചുള്ള ഫണ്ട് വിനിയോഗത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) | 201112 ൽ എസ്.എസ്.എ. ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധം- II ആയി കൊടുത്തിരിക്കുന്നു. |
| സി) | അനുവദിച്ചതുക മുഴുവനും ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | സി) | അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല. അനുവദിക്കപ്പെട്ട എല്ലാ അദ്ധ്യാപക തസ്തികയിലും നിയമനം നടത്താൻ സാധിക്കാത്തതുകൊണ്ടാണ് ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്തത് |
| ഡി) | നിലവിൽ എന്തെല്ലാം പ്രവൃത്തിക്കാണ് എസ്.എസ്.എ. ഫണ്ട് ഉപയോഗിക്കുന്നത്; | ഡി) യും | അടിസ്ഥാന വിദ്യാഭ്യാസമേഖലയുടെ വളർച്ചക്കായി സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കും പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നതിനായി കേന്ദ്രാനുമതി നേടിയിട്ടുണ്ട്. എസ്.എസ്.എ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ വിവരവും കേന്ദ്രമാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ അനുവാദത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരവും അനുബന്ധം-III ആയി കൊടുത്തിരിക്കുന്നു. |
| ഇ) | അടിസ്ഥാന വിദ്യാഭ്യാസമേഖലയുടെ വളർച്ചയ്ക്കായി സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾക്കും പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നതിനായി കേന്ദ്രാനുമതി നേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | ഇ) | |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1 5735

| ക്രമനമ്പർ | പ്രവർത്തനം | പുതിയത് | | | ആകെ അംഗീകരിച്ചത് | |
|---|---|---|---|---|---|---|
| | | യൂണിറ്റ് ഒന്നിന് | ഭൗതികം | സാമ്പത്തികം | ഭൗതികം | സാമ്പത്തികം |
| 1. | ബി.ആർ.സി./യു.ആർ.സി. | 5.00 | 4 | 20.00 | 4 | 20 |
| 2. | സി.ആർ.സി. | 7.50 | 128 | 960.00 | 128 | 967.48 |
| 3. | അധിക ക്ലാസ്മുറി (ഗ്രാമപ്രദേശം) | 5.75 | 37 | 212.75 | 37 | 1296.5 |
| 4. | ടോയ്‌ലറ്റ്/മൂത്രപ്പുര (നഗരപ്രദേശത്തിനുമാത്രം) | 0.50 | 682 | 341.00 | 682 | 341 |
| 5. | പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 0.70 | 1165 | 815.50 | 1165 | 815.5 |
| 6. | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ടോയ്‌ലറ്റ് | 0.25 | 735 | 183.75 | 735 | 183.75 |
| 7. | കുടിവെള്ളസൗകര്യം (നഗരപ്രദേശത്തിനുമാത്രം) | 0.20 | 32 | 6.40 | 32 | 6.4 |
| 8. | വൈദ്യുതീകരണം | 0.10 | 3609 | 360.90 | 3609 | 360.9 |
| 9. | ശിശുസൗഹൃദഘടകങ്ങൾ | 1.00 | 1806 | 1806.00 | 1806 | 1806 |
| 10. | റാംപുകളും റെയിലുകളും | 0.10 | 3716 | 371.60 | 3716 | 371.6 |
| 11. | ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകൾക്ക് ഫർണിച്ചർ (ഓരോ കുട്ടിക്കും) | 0.005 | 138297 | 691.49 | 138297 | 691.49 |
| 12. | പ്രൈമറി സ്കൂളുകൾക്ക് മേജർ റിപ്പയറുകൾ | | 569 | 3623.96 | 569 | 3623.96 |
| 13. | അപ്പർ പ്രൈമറി സ്കൂളുകൾക്ക് മേജർ റിപ്പയറുകൾ | | 503 | 3723.24 | 503 | 3723.24 |
| 14. | ഇടഭിത്തി നിർമാണം | 0.150 | 301 | 45.15 | 301 | 45.15 |

സെക്ഷൻ ഓഫീസർ

PS

M

# അനുബന്ധം - II

| ക്രമ നമ്പർ | നിർമാണപ്രവർത്തനങ്ങൾ | 2011-12 | |
|---|---|---|---|
| | | ബഡ്ജറ്റ് വിഹിതം | ചെലവഴിച്ച തുക |
| 1. | പുതിയ അധ്യാപകർക്കുള്ള ശമ്പളം | 15466.90 | 1858.13 |
| 2. | ബ്ലോക്ക് റിസോഴ്സ് സെന്റർ | 4025.88 | 3778.33 |
| 3. | ക്ലസ്റ്റർ റിസോഴ്സ് സെന്റർ | 2752.95 | 1855.99 |
| 4. | നിർമാണപ്രവർത്തനങ്ങൾ | 6057.75 | 3965.00 |
| 5. | സ്കൂളിൽ എത്താൻ കഴിയാത്ത കുട്ടികൾക്കായുള്ള നൂതന വിദ്യാഭ്യാസം / ഭിന്നതല പഠനകേന്ദ്രം | 49.72 | 0.56 |
| 6. | സൗജന്യപാഠപുസ്തകം | 5662.53 | 4348.58 |
| 7. | യൂണിഫോം (2 സെറ്റ്) | 0 | 0 |
| 8. | നൂതന പ്രവർത്തനങ്ങൾ | | |
| | കമ്പ്യൂട്ടർ പഠനത്തെ സഹായിക്കൽ | 700.00 | 574.95 |
| | പെൺകുട്ടികളുടെ വിദ്യാഭ്യാസം | 205.62 | 187.23 |
| | ആദ്യകാല ശിശു വിദ്യാഭ്യാസം (ഇ.സി.സി.ഇ.) | 151.25 | 127.21 |
| | എസ്.സി./എസ്.ടി. കുട്ടികൾക്കായുള്ള ഇടപെടൽ മേഖല | 202.16 | 178.74 |
| | ന്യൂനപക്ഷസമുദായത്തിലുള്ള കുട്ടികൾക്കായുള്ള ഇടപെടൽ മേഖല | 140.97 | 114.49 |
| 9. | സംയോജിത വിദ്യാഭ്യാസ പരിപാടി (ഐ.ഇ.ഡി.സി.) | 2994.93 | 2161.46 |
| 10. | അറ്റകുറ്റപണികൾക്കുള്ള സഹായധനം | 424.97 | 420.34 |
| 11. | നിർവഹണവും വിവരശേഖരണം നിർവഹിക്കുന്ന സമ്പ്രദായവും | 1433.71 | 1258.85 |
| | പഠനം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി | 328.14 | 272.21 |
| | സാമൂഹ്യപങ്കാളിത്തം | 216.07 | 148.26 |
| 12. | ഗവേഷണവും മൂല്യനിർണയവും | 149.92 | 135.24 |
| 13. | സ്കൂൾ സഹായധനം | 811.76 | 807.94 |
| 14. | അധ്യാപക സഹായധനം | 656.65 | 609.71 |
| 15. | അധ്യാപക പരിശീലനം | 4001.92 | 2522.07 |
| 16. | സമൂഹ പരിശീലനം | 674.35 | 307.52 |
| 17. | പഠനബോധന സാമഗ്രികൾ | 24.80 | 0.40 |
| | സംസ്ഥാന പ്രോജക്ട് ഓഫീസ് | 503.55 | 413.24 |
| | ആകെ | * 47636.50 | 26046.44 |

* 476.36 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 311 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളു.

PS

അനുബന്ധം - III 5735

| ക്രമ.നം | ഇടപെടൽ മേഖല |
|---|---|
| 1 | പുതിയ അധ്യാപകർക്കുള്ള ശമ്പളം (ഹെഡ്ടീച്ചർ, പാർടൈം ഇൻസ്ട്രക്ടർമാർ) |
| 2 | ബ്ലോക്ക് റിസോഴ്സ് സെന്റർ |
| 3 | ക്ലസ്റ്റർ റിസോഴ്സ് സെന്റർ |
| 4 | നിർമ്മാണപ്രവർത്തനങ്ങൾ |
| 5 | സ്കൂളിൽ എത്തിച്ചേരാൻ കഴിയാത്ത കുട്ടികളുടെ വിദ്യാഭ്യാസം |
| 6 | സൗജന്യ പാഠപുസ്തകവിതരണം |
| 7 | സൗജന്യ യൂണിഫോം വിതരണം |
| 8 | നൂതന വിദ്യാഭ്യാസം |
| 9 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സംയോജിത വിദ്യാഭ്യാസം |
| 10 | മെയിന്റനൻസ് ആന്റ് റിപ്പയർ ഗ്രാന്റ് |
| 11 | മാനേജ്മെന്റ് ആന്റ് എം.ഐ.എസ്. |
| 12 | ഗവേഷണവും മൂല്യനിർണ്ണയവും, സൂപ്പർവിഷനും മോണിറ്ററിംഗും |
| 13 | സ്കൂൾ ഗ്രാന്റ് |
| 14 | ടീച്ചർ ഗ്രാന്റ് |
| 15 | അധ്യാപകപരിശീലനം |
| 16 | കമ്മ്യൂണിറ്റി ട്രെയിനിംഗ് |
| 17 | ടീച്ചിംഗ് ലേണിംഗ് എക്യുപ്മെന്റ് |
| 18 | സ്റ്റേറ്റ് പ്രോജക്ട് ഓഫീസ് - മാനേജ്മെന്റ് കോസ്റ്റ് |

സെക്ഷൻ ഓഫീസർ